**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.6656 09.11.2016 - ൽ മറുപടിക്ക് ഉണ്ടായിരുന്നത്**

**ചെക്ക് പോസ്റ്റുകളിൽ നിന്ന് ലഭിച്ച വരുമാനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ ചെക്ക് പോസ്റ്റുകളിൽ നിന്ന് കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച വരുമാനം എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ വിവിധ ചെക്ക് പോസ്റ്റുകളിൽ നിന്ന് കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച വരുമാനം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ സാമ്പത്തിക വർഷം ഒക്ടോബർ 31 വരെ എത്ര തുക ലഭിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) | (പട്ടിക താഴെ) |

| ജില്ല | 2016-17 സാമ്പത്തിക വർഷം ഒക്ടോബർ 31 വരെ ലഭിച്ച തുക (കോടിയിൽ) |
|---|---|
| തിരുവനന്തപുരം | 21.43 |
| കൊല്ലം | 21.26 |
| ഇടുക്കി | 4.64 |
| എറണാകുളം | 268.13 |
| തൃശ്ശൂർ | 0.14 |
| പാലക്കാട് | 195.69 |
| മലപ്പുറം | 19.05 |
| കോഴിക്കോട് | 0.59 |
| വയനാട് | 23.80 |
| കണ്ണൂർ | 7.00 |
| കാസർഗോഡ് | 74.80 |
| ആകെ | 636.53 |

(മറ്റു ജില്ലകളിൽ ചെക്ക് പോസ്റ്റുകൾ നിലവിലില്ല)

| | | | |
|---|---|---|---|
| (സി) | ചെക്ക് പോസ്റ്റുകളിലെ നികുതി ചോർച്ച തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (സി) | നിലവിലുള്ള ചെക്ക് പോസ്റ്റ് സംവിധാനത്തിലെ ഏറ്റവും സങ്കീർണ്ണമായ പ്രശ്നങ്ങളായ ഗതാഗതക്കുരുക്ക്, |

നടപടികളിലെ കാലതാമസം എന്നിവ പൂർണ്ണമായും ഇല്ലാതാക്കുക, സുതാര്യത പൂർണ്ണമായും ഉറപ്പ് വരുത്തുക, നികുതി വരുമാനം വർദ്ധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കേരളത്തിലെ പ്രധാന ചെക്ക് പോസ്റ്റുകളെ അത്യാധുനിക സംവിധാനങ്ങളോട് കൂടിയ സംയോജിത ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ 7 ചെക്ക് പോസ്റ്റുകൾ ഇങ്ങനെ നവീകരിക്കാനാണ് ഇപ്പോൾ ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇതിൽ ആദ്യഘട്ടത്തിൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം വയനാട് ജില്ലയിലെ മുത്തങ്ങ എന്നി ചെക്ക് പോസ്റ്റുകളെ സംയോജിത വിവരശേഖര കേന്ദ്രങ്ങളാക്കി മാറ്റുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

നിലവിൽ അതിർത്തിയിൽ പല സ്ഥലങ്ങളിലായി പ്രവർത്തിക്കുന്ന ആറ് വകുപ്പുകളുടെ കീഴിൽ വരുന്ന ചെക്ക് പോസ്റ്റുകളെ ഒരു കുരയ്ക്ക് കീഴിൽ കൊണ്ടുവരുമ്പോൾ നടപടി ക്രമങ്ങൾ ലളിതമാകുന്നു. സംയോജിത വിവരശേഖരണ കേന്ദ്രത്തോടനുബന്ധിച്ചുള്ള ഫെസിലിറ്റേഷൻ സെന്ററിൽ സമർപ്പിക്കുന്ന പൊതുവിവരങ്ങൾ ഒരു പ്രത്യേക സോഫ്റ്റ് വെയർ വഴി ഫിൽറ്റർ ചെയ്ത് ഒരേ സമയം തന്നെ ആറ് വകുപ്പുകൾക്കും അവർക്കാവശ്യമായവ മാത്രമായി ലഭ്യമാകുന്നതിനാൽ വാഹനം സെന്ററിനുള്ളിലേക്ക് കടന്നു വരുമ്പോൾ ഓരോ വകുപ്പിനും കുറഞ്ഞ സമയം കൊണ്ട് പരിശോധന പൂർത്തിയാക്കി വാഹനത്തെ കടത്തിവിടുവാൻ കഴിയുന്നു.

സെന്ററിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന ഇലക്ട്രോണിക് വെയ്ബ്രിഡ്ജ്, നമ്പർ പ്ലേറ്റ് റീഡറുകൾ, ആർ.എഫ്.ഐ.ഡി. സംവിധാനം, ബൂം ബാരിയറുകൾ എന്നിവ ടി. സോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്യുമെന്നതിനാൽ, വാഹനങ്ങളെയും ചരക്കിനെയും സംബന്ധിച്ച വിവരങ്ങൾ അതാത് സമയം തന്നെ മറ്റ് ഡാറ്റാകളോടൊപ്പം കൗണ്ടറിലെ ഉദ്യോഗസ്ഥർക്ക് ലഭിക്കുമെന്നത് ചരക്ക്

| | | | |
|---|---|---|---|
| | | | നീക്കത്തിന്റെ വേഗത, കാര്യക്ഷമത, സുതാര്യത എന്നിവ പതിൻമടങ്ങ് വർദ്ധിക്കുന്നതിന് സഹായകമാകുന്നു. |
| (ഡി) | ഇതിന്റെ ഫലമായി വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ടോ, എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | ഇല്ല. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ജില്ല | വാണിജ്യ നികുതി വകുപ്പ് ലഭിച്ച വരുമാനം (തുക കോടിയിൽ) | ഗതാഗത വകുപ്പ് ലഭിച്ച വരുമാനം (തുക രൂപയിൽ) |
|---|---|---|
| തിരുവനന്തപുരം | 36.76 | 5,5112950 |
| കൊല്ലം | 34.18 | 2,2172335 |
| ഇടുക്കി | 8.49 | 3,0951200 |
| മട്ടാഞ്ചേരി (എറണാകുളം ജില്ല) | 428.89 | |
| തൃശ്ശൂർ | 0.03 | |
| പാലക്കാട് | 350.97 | 24,0209679 |
| മലപ്പുറം | 31.19 | 1285516 |
| കോഴിക്കോട് | 1.33 | |
| വയനാട് | 48.90 | 9,2272800 |
| കണ്ണൂർ | 13.19 | 3,5266795 |
| കാസർഗോഡ് | 140.25 | 6,1801995 |
| ആകെ | 1094.18 (കോടി) | 53,9073270 (രൂപ) |